"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - എൻ.എച്ച്.ബൈപാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരമുള്ള തുക കക്ഷിയായ ശ്രീ. യശോധരന് "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.843/2024/LSGD തീയതി,തിരുവനന്തപുരം, 09-05-2024

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ 31/01/2015ലെ എൽ.എ.ആർ.617/2009 നമ്പർ കേസിലെ വിധിന്യായം.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 12/12/2023ലെ കെ.16-699147/2023 നമ്പർ നടപടിക്രമം.
3. സ.ഉ.(അച്ചടി) നം. 32/2019/ധന തീയതി 18/03/2019.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 16.02.2024ലെ എസ്റ്റ്1/909/2021/ട്രിഡ (2) നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - എൻ.എച്ച്.ബൈപാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരം കക്ഷിയായ ശ്രീ. യശോധരൻ സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 15,14,119/- രൂപ (പതിനഞ്ച് ലക്ഷത്തി പതിനാലായിരത്തി ഒരുനൂറ്റി പത്തൊൻപത് രൂപ മാത്രം) അനുവദിക്കണമെന്ന് ട്രിഡ സെക്രട്ടറി പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - എൻ.എച്ച്.ബൈപാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ ചെറുവക്കൽ വില്ലേജിലെ Sy No.99ൽ ഉൾപ്പെട്ട 00.33ആർസ് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ. 617/2009 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 15,14,119/- രൂപ (പതിനഞ്ച് ലക്ഷത്തി പതിനാലായിരത്തി ഒരുനൂറ്റി പത്തൊൻപത് രൂപ മാത്രം) "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ നിന്നും ശ്രീ. യശോധരന് (T.C.No.1/1387, സൗപർണ്ണിക, പൂന്തി റോഡ്,

കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ.) അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)

ശ്രീ. യശോധരൻ, T.C.No.1/1387, സൗപർണ്ണിക, പൂന്തി റോഡ്, കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ.

ജില്ലാ കളക്ടർ, തിരുവനന്തപുരം

ഡെപ്യൂട്ടി കളക്ടർ (എൽ.എ.), തിരുവനന്തപുരം.

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ (File No. IA2/21/2024)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 15-05-2024 10:39:56
സെക്ഷൻ ഓഫീസർ